**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5983** **25-03-2025 - ൽ മറുപടിയ്ക്ക്**

**കോന്നി റീജിയണൽ സഹകരണ ബാങ്കിലെ നിക്ഷേപകൻ ആത്മഹത്യാശ്രമം നടത്തിയ സംഭവം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** |
| (എ) | കോന്നി റീജിയണൽ സഹകരണ ബാങ്കിൽ നിന്നും പണം തിരികെ ലഭിക്കാത്തതിനെ തുടർന്ന് നിക്ഷേപകൻ ആത്മഹത്യാശ്രമം നടത്തിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | കോന്നി റീജിയണൽ സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 3833-ലെ നിക്ഷേപകനായ ശ്രീ. പി.ആനന്ദൻ ആനന്ദഭവൻ, പെരിഞ്ഞൊട്ടക്കൽ, കോന്നി) എന്ന വ്യക്തിക്ക് 5 സ്ഥിര നിക്ഷേപ അക്കൗണ്ടുകളിലായി 10,03,843/-രൂപയും, ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 500 രൂപ നിക്ഷേപവും ഉണ്ട്. ടി വ്യക്തി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ടി ബാങ്കിൽ നിന്നും നിക്ഷേപം തിരികെ ലഭിക്കുന്നില്ലായെന്ന് കാണിച്ച് WP(C) 22605/2024 നമ്പർ ഹർജി സമർപ്പിക്കുകയും തുടർന്ന്, തുക വരുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ വാങ്ങുന്നതിന് വിധിയും സമ്പാദിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ നിക്ഷേപങ്ങളിൻമേലുള്ള പലിശ കൈപ്പറ്റിയിട്ടുള്ളതുമാണ്.<br><br>ടി സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65, 68(1) പ്രകാരമുള്ള അന്വേഷണങ്ങൾ നടന്നിട്ടുള്ളതും വകുപ്പ് 68(2) പ്രകാരം 8,02,15,805.10/- രൂപയ്ക്ക് 20 പേർക്കായി പത്തനംതിട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവ് പ്രകാരം നഷ്ടോത്തരവാദിത്തം ചുമത്തിയ 20 പേരിൽ 13 പേരിൽ നിന്നും 1,54,136.10/- രൂപ ഈടാക്കിയിട്ടുള്ളതും, ബാക്കി 7 പേരിൽ നിന്നും 8,00,61,669/- രൂപ ഈടാക്കുന്നതിനായി റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>ബാങ്കിന് നഷ്ടപ്പെട്ടിട്ടുള്ള തുക സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയെടുത്തുകൊണ്ടും, ബാങ്ക് നൽകിയിട്ടുള്ള വായ്പകളിൽ 1,67,97,106/- രൂപക്കുള്ള 18 ആർബിട്രേഷൻ കേസുകളും, 50,94,141/- രൂപക്കുള്ള 17 എക്സിക്യൂഷൻ കേസുകളും തീർപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതും അപ്രകാരം ലഭ്യമാകുന്ന തുകയിൽ |

| | | | |
|---|---|---|---|
| | | | നിന്നും ടിയാനുൾപ്പടെയുള്ളവർക്ക് മുൻഗണന ക്രമത്തിൽ നിക്ഷേപം തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത ബാങ്കിൽ നടന്നതായിപ്പറയുന്ന സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കോന്നി റീജിയണൽ സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 3833-ലെ നിക്ഷേപകനായ ശ്രീ. പി.ആനന്ദൻ ആനന്ദഭവൻ, പെരിഞ്ഞൊട്ടക്കൽ, കോന്നി) എന്ന വ്യക്തിക്ക് 5 സ്ഥിര നിക്ഷേപ അക്കൗണ്ടുകളിലായി 10,03,843/-രൂപയും, ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 500 രൂപ നിക്ഷേപവും ഉണ്ട്. ടി വ്യക്തി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ടി ബാങ്കിൽ നിന്നും നിക്ഷേപം തിരികെ ലഭിക്കുന്നില്ലായെന്ന് കാണിച്ച് WP(C) 22605/2024 നമ്പർ ഹർജി സമർപ്പിക്കുകയും തുടർന്ന്, തുക വരുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ വാങ്ങുന്നതിന് വിധിയും സമ്പാദിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ നിക്ഷേപങ്ങളിൻമേലുള്ള പലിശ കൈപ്പറ്റിയിട്ടുള്ളതുമാണ്.<br><br>ടി സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65, 68(1) പ്രകാരമുള അന്വേഷണങ്ങൾ നടന്നിട്ടുള്ളതും വകുപ്പ് 68(2) പ്രകാരം 8,02,15,805.10/- രൂപയ്ക്ക് 20 പേർക്കായി പത്തനംതിട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവ് പ്രകാരം നഷ്ടോത്തരവാദിത്തം ചുമത്തിയ 20 പേരിൽ 13 പേരിൽ നിന്നും 1,54,136.10/- രൂപ ഈടാക്കിയിട്ടുള്ളതും, ബാക്കി 7 പേരിൽ നിന്നും 8,00,61,669/- രൂപ ഈടാക്കുന്നതിനായി റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>ബാങ്കിന് നഷ്ടപ്പെട്ടിട്ടുള്ള തുക സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയെടുത്തുകൊണ്ടും, ബാങ്ക് നൽകിയിട്ടുള്ള വായ്പകളിൽ 1,67,97,106/- രൂപക്കുള്ള 18 ആർബിട്രേഷൻ കേസുകളും, 50,94,141/- രൂപക്കുള്ള 17 എക്സിക്യൂഷൻ കേസുകളും തീർപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതും അപ്രകാരം ലഭ്യമാകുന്ന തുകയിൽ നിന്നും ടിയാനുൾപ്പടെയുള്ളവർക്ക് മുൻഗണന ക്രമത്തിൽ നിക്ഷേപം തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) | നിക്ഷേപകർക്ക് മുൻഗണനാടിസ്ഥാനത്തിൽ നിക്ഷേപം തിരികെ നൽകണമെന്ന ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; മേൽപ്പറഞ്ഞ നിക്ഷേപകൻ ഉൾപ്പെടെയുള്ളവർക്ക് മുഴുവൻ തുകയും | (സി) | കോന്നി റീജിയണൽ സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 3833-ലെ നിക്ഷേപകനായ ശ്രീ. പി.ആനന്ദൻ ആനന്ദഭവൻ, പെരിഞ്ഞൊട്ടക്കൽ, കോന്നി) എന്ന വ്യക്തിക്ക് 5 സ്ഥിര നിക്ഷേപ അക്കൗണ്ടുകളിലായി 10,03,843/-രൂപയും, ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 500 രൂപ നിക്ഷേപവും ഉണ്ട്. ടി വ്യക്തി |

| | | | |
|---|---|---|---|
| | അടിയന്തരമായി തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | ബഹു. കേരള ഹൈക്കോടതി മുമ്പാകെ ടി ബാങ്കിൽ നിന്നും നിക്ഷേപം തിരികെ ലഭിക്കുന്നില്ലായെന്ന് കാണിച്ച് WP(C) 22605/2024 നമ്പർ ഹർജി സമർപ്പിക്കുകയും തുടർന്ന്, തുക വരുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ വാങ്ങുന്നതിന് വിധിയും സമ്പാദിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ നിക്ഷേപങ്ങളിൻമേലുള്ള പലിശ കൈപ്പറ്റിയിട്ടുള്ളതുമാണ്.<br><br>ടി സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65, 68(1) പ്രകാരമുള്ള അന്വേഷണങ്ങൾ നടന്നിട്ടുള്ളതും വകുപ്പ് 68(2) പ്രകാരം 8,02,15,805.10/- രൂപയ്ക്ക് 20 പേർക്കായി പത്തനംതിട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവ് പ്രകാരം നഷ്ടോത്തരവാദിത്തം ചുമത്തിയ 20 പേരിൽ 13 പേരിൽ നിന്നും 1,54,136.10/- രൂപ ഈടാക്കിയിട്ടുള്ളതും, ബാക്കി 7 പേരിൽ നിന്നും 8,00,61,669/- രൂപ ഈടാക്കുന്നതിനായി റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>ബാങ്കിന് നഷ്ടപ്പെട്ടിട്ടുള്ള തുക സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയെടുത്തുകൊണ്ടും, ബാങ്ക് നൽകിയിട്ടുള്ള വായ്പകളിൽ 1,67,97,106/- രൂപക്കുള്ള 18 ആർബിട്രേഷൻ കേസുകളും, 50,94,141/- രൂപക്കുള്ള 17 എക്സിക്യൂഷൻ കേസുകളും തീർപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതും അപ്രകാരം ലഭ്യമാകുന്ന തുകയിൽ നിന്നും ടിയാനുൾപ്പെടെയുള്ളവർക്ക് മുൻഗണന ക്രമത്തിൽ നിക്ഷേപം തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ